സംബന്ധിച്ച് അന്വേഷണം നടത്താൻ നിയമിച്ചു. ശ്രീ. ചടയൻ ഗോവിന്ദൻ, ശ്രീ. പാലോട് രവി, ശ്രീ. വിജയകുമാർ, ശ്രീ. ടി. കെ. അബ്ദുള്ളക്കോയ, ശ്രീ. ഇ. കെ. കുര്യാക്കോസ് എന്നിവരാണ് ആ സബ്കമ്മിറ്റിയിലെ അംഗങ്ങൾ. ഉടനേതന്നെ ആ കമ്മിറ്റിയുടെ റിപ്പോർട്ട് വരുത്തിക്കഴിഞ്ഞാൽ നടപടിയെടുക്കുന്നതാണ്. ഇതിൽ കോർപ്പറേഷൻ മനഃപൂർവ്വം ഒന്നും ചെയ്തിട്ടില്ല. പഴയകാലത്ത് കോർപ്പറേഷൻ നടത്തിയ ആളുകൾ അവിടെ ചില ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു. ആ ഉദ്യോഗസ്ഥന്മാർ മനഃപൂർവ്വം കോർപ്പറേഷനെ താറടിക്കാനാണ് ഇങ്ങനെയൊരു പ്രവൃത്തി ചെയ്തത്. എന്തായാലും അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥന്മാർ ആരായാലും അവരുടെ പേരിൽ കർശനമായ നടപടിയെടുക്കുന്നതാണ്. കോർപ്പറേഷൻ മനഃപൂർവ്വം ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെംബറുടെ പ്രസംഗത്തിലെ വാക്കുകളിലുള്ള ദുസൂചന ഞാൻ നിഷേധിക്കുകയാണ്.

(5) കലാമണ്ഡലത്തിൽ പഠനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ

ശ്രീ. സി. കെ. ചക്രപാണി: സർ, കലാമണ്ഡലത്തിന്റേയും അവിടെ നിന്നും കഥകളി വേഷം, കഥകളി സംഗീതം, ചെണ്ട, മദ്ദളം, പോപ്പുപന്നി, കൂടിയാട്ടം, പുരുഷവേഷം, സ്ത്രീ വേഷം, മിഴാവ്, ഭരതനാട്യം, മോഹിനിയാട്ടം, മൃദംഗം, തുള്ളൽ, പഞ്ചവാദ്യം തുടങ്ങിയ വിഷയങ്ങൾ പഠിച്ച് പുറത്തുവരുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ ഇന്നത്തെ ദയനീയമായ അവസ്ഥയിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്കും ഇതിൽ താൽപര്യമുണ്ടെന്ന് എനിക്കറിയാം. ബഹുമാനപ്പെട്ട സ്പീക്കർക്കും ഇക്കാര്യത്തിൽ വളരെ താൽപര്യമുണ്ട്. കാരണം, അങ്ങ് എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാനായിരുന്ന അവസരത്തിൽ അവിടം സന്ദർശിക്കുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ആവുന്നത്ര പരിഹാരം കാണുന്നതിനുവേണ്ടി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുമൊക്കെ കലാകാലങ്ങളിൽ അവിടെ പോയി ആ കഥകൾ ആസ്വദിക്കുകയും ചെയ്യാറുണ്ട്. നമുക്ക് അന്താരാഷ്ട്ര പ്രശസ്തി ഉണ്ടാക്കിതന്ന ഒരു സ്ഥാപനമാണത്. 1930-ലാണ് കലാമണ്ഡലം സ്ഥാപിച്ചത്; മഹാകവി വള്ളത്തോളും മുകുന്ദരാജായും കൂടി അതിന് പ്ലാനിലോ നോൺ പ്ലാനിലോ നമ്മൾ വേണ്ടത്ര ഫണ്ട് കൊടുക്കുന്നില്ല. ബഹുമാനപ്പെട്ട പണ്ഡിറ്റ്ജി അവിടെ 1955-ൽ സന്ദർശിച്ച അവസരത്തിൽ ഒരു ലക്ഷം രൂപ കൊടുത്തു. ഗുരുകുലപഠനമാണ് അവിടെ നടക്കുന്നത്. കൊച്ചുവെളുപ്പാൻകാലത്ത് നാലരമണിക്ക് എഴുന്നേൽക്കണം. ആറരമണിവരെ പഠിക്കുകയും വേണം. അങ്ങനെ പത്തുപന്ത്രണ്ടുകൊല്ലം പഠിച്ച് പുറത്തുവന്ന കുട്ടികൾ ഇന്ന് തെരുവാധാരമാണ്. ബഹുമാനപ്പെട്ട സ്പീക്കർ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാനായിരുന്ന കാലത്ത് സമർപ്പിച്ച റിപ്പോർട്ടിൽ ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതൊന്ന് പരിശോധിക്കണം. ഈ കുട്ടികൾക്ക് ഇന്ന് യാതൊരു തൊഴിലുമില്ല. കലാമണ്ഡലത്തിൽ നിന്ന് കോഴ്സ് പൂർത്തിയാക്കി വരുന്നവർക്ക് ജോലി കിട്ടാനുള്ള സാദ്ധ്യത കുറവാണ്. അവിടെ നിന്നും കൊടുക്കുന്ന സർട്ടിഫിക്കറ് ആണെങ്കിൽ വേറെ ആരും അംഗീകരിക്കുന്നില്ല. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കർ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ ഒരു സ്കൂളിൽ കഥകളി പഠനം എന്നതിന് പകരം ഒരു വിദ്യാഭ്യാസ ജില്ലയിലെ ഒരു സ്കൂളിൽ കഥകളിയും ഒരു റവന്യൂ ജില്ലയിലെ ഒരു സ്ക്കൂളിൽ പഞ്ചവാദ്യം, കൂടി

LIBRARY ARCHIVES Kerala Legislative Assembly

യാട്ടം, ഭരതനാട്യം തുടങ്ങിയ മറ്റ് കലകളും നടപ്പിലാക്കി, പഠനം പൂർത്തിയാക്കി വരുകയാണെങ്കിൽ തൊഴിലില്ലായ്മ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ഇതൊരു ജനകീയ കലയാക്കുന്നതിനുവേണ്ടി ആ നിർദ്ദേശം അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മറ്റൊന്ന്, അവിടത്തെ സ്റ്റാഫിന്റേയും മറ്റ് ജീവനക്കാരുടേയും സ്ഥിതി വളരെ പരിതാപകരമാണ്. കലയിൽ വളരെ പ്രാവീണ്യം നേടിയ കലാകാരൻമാരെ കലാപകാരികളാക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എസ്റ്റിമേറ്റ്സ് കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന ശുപാർശകൾ നടപ്പിലാക്കുന്നതിനുവേണ്ടി സത്വര നടപടിയെടുക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ കരുണാകരൻ) : കലാമണ്ഡലത്തിന്റെ പ്രവർത്തനത്തിലുള്ള ഉദ്ദേശം നമ്മുടെ പൂർവ്വികമായ കഥകളി, ഭരതനാട്യം, കൂടിയാട്ടം തുടങ്ങിയ കലാമൂല്യങ്ങൾ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്. അത് തെഴിലവസരമുള്ള ഒരു സ്ഥാപനമായിട്ടല്ല സ്ഥാപിച്ചിട്ടുള്ളതും ഉദ്ദേശിച്ചിട്ടുള്ളതും. പക്ഷേ എന്തൊക്കെ ആയാലും ശരി ഏതു കല പ്രോൽസാഹിപ്പിക്കണമെങ്കിലും പരിപോഷിപ്പിക്കണമെങ്കിലും അവനവന്റെ വിശപ്പ് മാറിയിട്ടേ സാധിക്കുകയുള്ളു. ആ കാര്യത്തിൽ തീർച്ചയായും വ്യത്യസ്തമായ അഭിപ്രായമില്ല. ഇന്ന് അവിടെ പരിശീലനം കിട്ടിവരുന്ന കലാകാരൻമാർക്ക് അവരുടെ കലാപരമായ കഴിവ് പ്രകടിപ്പിക്കുന്നതിന് പൊതുവേദിയിൽ അവസരം ഉണ്ടാകുന്നുണ്ട്. എങ്കിൽ പോലും കലയോടുള്ള താൽപര്യം മൂലവും മറ്റൊരു തരത്തിലും ഉപജീവനത്തിന് സാദ്ധ്യതയില്ലാത്തതുകൊണ്ടും, ഉപജീവനത്തിനുവേണ്ടി എത്തുന്ന വിദ്യാർത്ഥികളുമുണ്ട്. രണ്ട് കൂട്ടരേയും തൃപ്തിപ്പെടുത്താൻ സാധിക്കുമാറ് കലയുടെ ഏറ്റവും നല്ല വശങ്ങൾ പ്രോൽസാഹിപ്പിക്കാനുള്ള ഒരു സ്ഥാപനമെന്നുള്ള നിലയ്ക്ക് പുറമെ അവിടെ കല അഭ്യസിക്കുന്ന ആളുകൾക്ക് എന്തെങ്കിലും തൊഴിൽ ഉണ്ടാകണമെന്നുള്ള കാര്യത്തോട് ഗവൺമെൻറിന് അനുഭാവമാണുള്ളത്. ഈ അടുത്ത കാലത്ത് പൊതുമേഖല സ്ഥാപനങ്ങളിൽ സ്പോർട്ട്സ്മാൻമാരെ നിയമിക്കുന്നതുപോലെ കല അവതരിപ്പിക്കുന്നതിനുവേണ്ടി ഒരു ടീമിനെ ഉണ്ടാക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളോട് ആവശ്യപ്പെടണമെന്ന് ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ചില ആളുകളുമായി സംസാരിച്ചു കഴിഞ്ഞു. അങ്ങനെയാണെങ്കിൽ സ്പോർട്ട്സ് രംഗത്തെന്നപോലെതന്നെ കലാരംഗത്തും ഈ കാര്യം പ്രയോജനപ്പെടുത്താം. വിശേഷിച്ച് നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രിതന്നെ വിദേശങ്ങളിൽ ഇൻഡ്യയുടെ കലാസമ്പത്ത് മനസ്സിലാക്കുന്നതിന് നേതൃത്വം കൊടുക്കുന്ന ഈ സാഹചര്യത്തിൽ പ്രത്യേകിച്ച് ഇത് ശ്രദ്ധിക്കപ്പെടേണ്ടതാണെന്നുള്ള കാര്യത്തിൽ സംശയമില്ല. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശുപാർശകളിൽ ഒരു കാര്യം പരിശോധിക്കാവുന്നതാണ്. അതായത് സ്കൂളുകളിലൊക്കെ കല അഭ്യസിപ്പിക്കാൻ പ്രയാസമാണ്. എട്ടുപത്തുകൊല്ലം അഭ്യസിക്കണം. അത് നടക്കുകയില്ല. നേരെമറിച്ച് ആളുകൾക്ക് ഇതിൽ താല്പര്യം ഉണ്ടാകണമെങ്കിൽ കഥകളി മുദ്ര എന്താണ് എന്ന് മനസ്സിലാക്കണം. കഥകളി മുദ്ര മനസ്സിലാക്കാൻ സാധിക്കുന്നില്ലെങ്കിൽ കഥകളി ആസ്വദിക്കാൻ കഴിയുകയില്ല. കഥകളിമുദ്ര എന്താണെന്ന് കുട്ടികളെ മനസിലാക്കിക്കൊടുക്കാനുള്ള ഒരു സംവിധാനമെന്ന നിലയിൽ അത് പരിശോധിക്കേണ്ട കാര്യമാണ്. അത് പരിശോധിക്കാം. പക്ഷേ അത് എത്ര കണ്ട് സാധിക്കുമെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ലെങ്കിലും അതു പരിശോധിക്കാൻ ഗവൺമെൻറ് തയ്യാറാണ്. ഈ കലാകാരൻമാർക്ക് വേണ്ട സഹായം ചെയ്യാൻ പൊതുമേഖലാസ്ഥാപനങ്ങളെ ഉൾപ്പെടെ പ്രോൽസാഹിപ്പിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly